ഫയൽ അദാലത്ത് അടിയന്തരം

പൊതുമരാമത്ത് വകുപ്പ്

കെ. സുന്ദരൻ
ചീഫ് എഞ്ചിനീയർ

ഡിസൈൻ ആന്റ് അഡ്മിനിസ്ട്രേഷൻ
തിരുവനന്തപുരം.

**അർദ്ധ ഔദ്യോഗിക കത്ത് നമ്പർ O & M1/6246/2012 തിയതി /08/2012**

എല്ലാ സൂപ്രണ്ടിംഗ് എഞ്ചിനീയർമാർക്കും/
പ്രിയപ്പെട്ട ശ്രീ/ ശ്രീമതി എല്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും.

വിഷയം:- പൊ.മ.വ- ജീവനകാര്യം- വിവിധ വിഷയങ്ങളിൽ റിപ്പോർട്ടുകൾ സമർപ്പിക്കാത്തത്- നടപടി സ്വീകരിക്കുന്നത് -സംബന്ധിച്ച്.

ഈ ഓഫീസിൽ നിന്നും സർക്കാരിൽ നിന്നും നിർദ്ദേശിക്കപ്പെട്ട പല വിഷയങ്ങളിലും യഥാ സമയം റിപ്പോർട്ടുകൾ ക്രോഡീകരിച്ച് നൽകുന്നതിനുള്ള കാലതാമസവും സർക്കാർ ഉത്തരവുകൾ അനുസരിച്ച് കാര്യങ്ങൾ നടപ്പാക്കുന്നതിനുള്ള കാലതാമസവും സർക്കാർ, അക്കൗണ്ടന്റ് ജനറൽ, എന്നിവരുടെ നിശിതമായ വിമർശനത്തിന് കാരണമായിരിക്കുന്നു.

ചീഫ് എഞ്ചിനീയർമാർ, സൂപ്രണ്ടിംഗ് എഞ്ചിനീയർമാർ, എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ എന്നിവരുടെ മാസാന്ത അവലോകന യോഗങ്ങളിൽ ഇത്തരം വിഷയങ്ങളിൽ ആവശ്യമായ രേഖകൾ കീഴ് ഓഫീസുകളിൽ നിന്നും ലഭ്യമാക്കുന്നതിനുള്ള ജാഗ്രതക്കുറവ് കാരണമാണ് ഇങ്ങനെ സംഭവിക്കുന്നത്- പ്രധാനമായും പ്രവൃത്തികൾ സംബന്ധിച്ച അവലോകനമാണ് നടക്കുന്നതെങ്കിലും ജീവനക്കാരുടെ നിലനിൽപ്പിനെപ്പോലും ബാധിക്കുന്ന അതിപ്രധാന വിഷയങ്ങളിൽക്കൂടി അവലോകനം നടത്തേണ്ടതും യഥാസമയം റിപ്പോർട്ടുകൾ ഈ ഓഫീസിൽ എത്തിക്കേണ്ടതും അത്യാവശ്യമായ പ്രവൃത്തിയായികാണേണ്ടിയിരിക്കുന്നു. എല്ലാ കീഴ് ഓഫീസുകളിൽ നിന്നും യഥാസമയം വിവരങ്ങൾ ലഭ്യമാക്കാത്തതുകൊണ്ടായിരിക്കണം, റിപ്പോർട്ടുകൾ ലഭ്യമാക്കുന്നതിൽ കാലതാമസം ഉണ്ടാകുന്നത്. ഈ കാലതാമസം എല്ലാ ഓഫീസ് തലങ്ങളിലും ഒഴിവാക്കാവുന്ന കത്തിടപാടുകൾക്ക് ഇടവരുത്തുന്നു. മാത്രമല്ല പല പ്രധാനപ്പെട്ട വിഷയങ്ങളിലും ഓർമ്മക്കുറിപ്പുകൾ അയക്കാൻ കഴിയാത്ത അവസരങ്ങളിൽ ആവക വിഷയങ്ങൾ മാസങ്ങളോ വർഷങ്ങളോ പോലും വിസ്മൃതിയിൽ ആകുകയും അതുമൂലം പ്രസ്തുത വിഷയം കൈകാര്യം ചെയ്യുന്ന/ ചെയ്തിരുന്ന ജീവനക്കാരുടെയും മേൽ ഉദ്യോഗസ്ഥരുടെയും പേരിൽ സാമ്പത്തികപരമായ/ മറ്റു രീതിയിലുള്ള അച്ചടക്ക നടപടികൾ കൈക്കൊള്ളേണ്ടുന്ന അവസ്ഥയും എത്തിച്ചേരുന്നുണ്ട്.

ആയതിനാൽ താഴെപ്പറയുന്ന വിഷയങ്ങളിൽ ആവശ്യപ്പെട്ടിട്ടുള്ള വിവരങ്ങൾ താങ്കളുടെ വ്യക്തിപരമായ ശ്രദ്ധചെലുത്തി വിവരങ്ങൾ ശേഖരിച്ച്, ക്രോഡീകരിച്ച് ഈ ഓഫീസിൽ 7/08/2012-ൽ നടത്തുന്ന ഫയൽ അദാലത്തിൽ എത്തിക്കുവാൻ പ്രത്യേകമായി അഭ്യർത്ഥിക്കുന്നു.

I) 863 തസ്തികകൾ തുടർച്ചാംഗീകാരം കിട്ടാതെ താല്കാലിക തസ്തികകളായി (Ten Posts) നിലനിൽക്കുന്നു. ഈ തസ്തികകൾ നിലനിർത്തേണ്ടതുതന്നെയോ എന്ന് വ്യക്തമായ കാരണങ്ങൾ സഹിതം സർക്കാരിൽ റിപ്പോർട്ട് സമർപ്പിക്കുവാൻ ഇതുവരെയും സാധിച്ചിട്ടില്ല.

1) റോളർ ഡ്രൈവർമാരുടെ താല്കാലിക തസ്തികകൾ 172-ഉം റോളർ ക്ലീനർ തസ്തികകൾ - 108 ഉം ആണെന്ന് കാണുന്നു. ഇവയിൽ ഏതെല്ലാം ഓഫീസുകളിൽ പ്രവർത്തന സജ്ജമായ റോളറുകൾ ഉണ്ട്, അവ ഉപയോഗിക്കുന്നുണ്ടോ, ഉണ്ടെങ്കിൽ അതിന്റെ Log book copy എന്നിവ സഹിതം സർക്കാരിലേക്ക് സമർപ്പിക്കേണ്ടതുണ്ട്.

2) <u>ഫെറിമാൻ/108 താല്കാലിക തസ്തികകൾ, സീസൺ ഫെറിമാൻ-8 താല്കാലിക തസ്തികകൾ :</u>

പലയിടങ്ങളിലും പാലങ്ങൾ നിർമ്മിച്ചതുകൊണ്ട് ഫെറിമാന്റെ ആവശ്യം ഇല്ല. ആയതിനാൽ എത്ര ഫെറികളാണ് (കടവുകൾ) നിലവിലുള്ളത്, അവ എതൊക്കെ, സീസണലാണോ, വർഷംമുഴുവൻ നീണ്ടുനിൽക്കുന്നതാണോ എന്നീകാര്യങ്ങളും സർക്കാരിലേക്ക് സമർപ്പിക്കേണ്ടതുണ്ട്.

3) <u>ലോറിഡ്രൈവർ-1 (റോഡ് സെക്ഷൻ)മുട്ടം - ഇടുക്കി</u>

ഈ ലോറിയുടെ നമ്പർ, Make, എന്ത് ആവശ്യത്തിന് ഉപയോഗിക്കുന്നു. ലോഗ്ബുക്ക് വിവരങ്ങൾ ഈ ലോറിയും ഡ്രൈവറും തുടർന്നും ആവശ്യമുണ്ടോ എന്നീ കാര്യങ്ങൾ സർക്കാരിലേക്ക് സമർപ്പിക്കേണ്ടതുമാണ്.

4) <u>ലാസ്കർ തസ്തിക- മൂന്നുപേർ</u>

ഇപ്പോൾ ജോലി ചെയ്യുന്നവരുടെ വിവരങ്ങളും ഇവരെ എന്ത് ജോലിക്കാണ് നിയോഗിക്കുന്നത് എന്നും അത് സംബന്ധിച്ച് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവിന്റെ പകർപ്പും സർക്കാരിലേക്ക് സമർപ്പിക്കേണ്ടതുണ്ട്.

5) <u>റോഡ് വർക്കർ -5 എണ്ണം</u>(Roads Section , Alattur)

ഈ തസ്തികകൾ എവിടെയൊക്കെയാണെന്നും ഇവർക്ക് നൽകിയിട്ടുള്ള ജോലി എന്തൊക്കെയാണെന്നും ഇവർ ഇപ്പോഴും ജോലിയിലുണ്ടോഎന്നും പ്രസ്തുത ജോലിക്ക് ഇവരെ നിയോഗിച്ചുകൊണ്ടുള്ള ഉത്തരവിന്റെ പകർപ്പും സർക്കാരിലേക്ക് സമർപ്പിക്കേണ്ടതുണ്ട്.

II) **സ്പാർക്ക്**

സ്പാർക്ക് നടപ്പിൽ വരുത്തുന്നതിന് ധനകാര്യ വകുപ്പിന്റെ വ്യക്തമായതും സമയ ബന്ധിതവുമായ നിർദ്ദേശങ്ങൾ ഉണ്ടായിട്ടുപോലും ഈ വകുപ്പിൽ സൂപ്രണ്ടിംഗ് എഞ്ചിനീയർ മുതൽ അസിസ്റ്റന്റ് എഞ്ചിനീയർതലം വരെ സ്പാർക്ക് നടപ്പിൽ വരുത്തിയിട്ടില്ല എന്ന കാര്യം ഗൗരവതരമായി ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഈ ഓഫീസിന്റെ ശ്രദ്ധയിൽപ്പെടുത്തിയിരിക്കുന്നു. സ്പാർക്കിൽ ജനറേറ്റ് ചെയ്ത ബില്ലിലൂടെ അല്ലാതെ ശമ്പളം വാങ്ങിക്കുന്ന/ നൽകുന്ന ഗസറ്റഡ് ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥർക്കെതിരെ കർശനമായ അച്ചടക്ക നടപടികൾ കൈക്കൊള്ളാനുള്ള റിപ്പോർട്ട് സർക്കാരിലേക്ക് സമർപ്പിക്കുന്നതിനും നിർദ്ദേശിച്ചിരിക്കുന്നു. ആയതിനാൽ സ്പാർക്ക് ജനറേറ്റഡ് ബില്ലിലൂടെയല്ലാതെ ശമ്പളം വാങ്ങുകയോ/ വാങ്ങിയിരുന്നതോ/ നൽകുകയോ/ നൽകിയിരുന്നതോ ആയ ഉദ്യോഗസ്ഥരുടെ പേരുകൾ സർക്കാരിലേക്ക് നൽകേണ്ടിയിരിക്കുന്നു.

III) നിലവിലുണ്ടായിരുന്ന വാഹനങ്ങൾക്ക് പുറമേ പുതിയതായി വാഹനങ്ങൾ അനുവദിച്ചതിനെ തുടർന്ന് പഴയ വാഹനങ്ങൾ പല ഓഫീസുകളിലേക്കും കൈമാറ്റം ചെയ്തിട്ടുണ്ടായിരുന്നു. ഈ കൈമാറ്റം സംബന്ധിച്ച ഉത്തരവുകളുടെ പകർപ്പ്, അനുവദിച്ച ഡ്രൈവർ തസ്തികകൾ ഉണ്ടോ ഇല്ലെങ്കിൽ തസ്തിക സൃഷ്ടിക്കുന്നതിനുള്ള വിശദമായ പ്രൊപ്പോസൽ എന്നിവ ഈ ഓഫീസിൽ ലഭ്യമാക്കേണ്ടിയിരിക്കുന്നു. കൂടാതെ 12.6.2012 തീയതിയിലെ സർക്കാർ ഉത്തരവ് നമ്പർ 13239/ B1/11/PWD പ്രകാരം സർക്കാരിന്റെ അനുമതി ഇല്ലാതെ ദിവസക്കൂലി അടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിക്കാൻ പാടില്ലാത്തതാകുന്നു. ആയതിനാൽ ഡ്രൈവർ തസ്തികയിൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കുന്നതിനുള്ള അനുവാദം തേടിക്കൊണ്ടുള്ള പ്രൊപ്പോസൽ കൂടി സമർപ്പിക്കേണ്ടതാണ്.

IV) റസ്റ്റ് ഹൗസുകളിൽ പലതിലും ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാർ ഉണ്ടെന്ന് മനസ്സിലാക്കുന്നു. അത്യാവശ്യം വേണ്ട ജീവനക്കാരുടെ തസ്തികകൾ സൃഷ്ടിക്കുന്നതിനെക്കുറിച്ചുള്ള നിർദ്ദേശങ്ങളും നിലവിലുള്ള തസ്തികകളും അതിലെ ജീവനക്കാരുടെ വിശദമായ Incumbency Details ഉം അയച്ചു തരേണ്ടതാണ്.

V) നിലവിലുള്ള ഒഴിവുകൾ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ് എന്ന് സർക്കാരിൽ നിന്ന് കർശന നിർദ്ദേശം ഉണ്ടായിട്ടുകൂടി പല ഓഫീസ് മേധാവികളും മന:പൂർവ്വമായ വീഴ്ച വരുത്തിയിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു. ആയത് ഗുരുതരമായ അച്ചടക്ക നടപടികളിലേക്ക് നയിക്കുന്നതാണ്. പി.എസ്.സി റാങ്ക് ഹോൾഡേഴ്സ് ഇക്കാര്യം ഈ ഓഫീസിന്റെയും സർക്കാരിന്റെയും ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുള്ളതിനാൽ ഇനിയും റിപ്പോർട്ട് ചെയ്യാത്ത ഒഴിവുകൾ 7 ദിവസത്തിനുള്ളിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

VI. ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ റിട്ടയർ ചെയ്യുന്ന ദിവസം തന്നെ പെൻഷൻ ആനുകൂല്യങ്ങൾക്കുള്ള ഉത്തരവുകൾ കൈമാറുന്നതിനെക്കുറിച്ച് ചർച്ച നടത്തിയിരുന്നു. 6 മാസത്തിനുള്ളിലെങ്കിലും പെൻഷൻ പേപ്പറുകൾ സമർപ്പിക്കാത്ത ജീവനക്കാർക്ക് ആയവ സമർപ്പിക്കുന്നതിന് രേഖാമൂലം നിർദ്ദേശം നൽകേണ്ട ഉത്തരവാദിത്വം ഓഫീസ് മേധാവിക്ക് ഉണ്ട്. ഇങ്ങനെ നിർദ്ദേശം നൽകാത്തതിനാൽ പെൻഷൻ ആനുകൂല്യം താമസിച്ചിട്ടുണ്ടെങ്കിൽ അക്കാരണത്താൽ ജീവനക്കാരൻ നഷ്ടപരിഹാരം ആവശ്യപ്പെട്ടാൽ ആയത് നൽകാനുള്ള ഉത്തരവാദിത്തം ഓഫീസ് മേലധികാരിക്ക് ആയിരിക്കും 31-9-2012, 31-03-2013, 31-09-2013, 31-03-2014 തീയതികൾക്കുള്ളിൽ റിട്ടയർ ചെയ്യുന്ന ജീവനക്കാരുടെ വിശദവിവരങ്ങൾ കാലയളവ് തിരിച്ച് ഓഫീസിൽ ലഭ്യമാക്കേണ്ടതാണ്. ഇത്തരം ജീവനക്കാർക്കെതിരെയുള്ള വിജിലൻസ് വകുപ്പുതല അച്ചടക്ക നടപടികളുടെ വിവരങ്ങൾ അതാത് ഓഫീസ് മേലധികാരികളെയും സർക്കാരിനെയും Deputy Chief Engineer, PWD Vigilance അറിയിക്കുന്നതാണ്.

നോൺ ഗസറ്റഡ് ജീവനക്കാരുടെ പെൻഷൻ അനുവദിക്കുന്ന ഉദ്യോഗസ്ഥർ പ്രസ്തുത ജീവനക്കാരുടെ പേരിൽ ഉള്ള അച്ചടക്ക നടപടികളെ സംബന്ധിച്ച് ഈ ഓഫീസിൽ നിന്നും റിപ്പോർട്ട് വാങ്ങിക്കാത്തതിനാൽ പ്രസ്തുത ജീവനക്കാരൻ അച്ചടക്ക നടപടിയുടെ പരിധിയിൽ പെടാതെ പോകുകയും, ആയവരിൽ നിന്നും സാമ്പത്തിക നഷ്ട പരിഹാരം വസൂലാക്കാൻ കഴിയാതെ പോകുകയും ചെയ്യുന്നു.

ഇക്കാര്യങ്ങളെല്ലാം തന്നെ വിശദമായി പരിശോധിച്ച് 7-8-2012 ൽ നടത്തുന്ന ഫയൽ അദാലത്തിൽ റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.

ആത്മാർത്ഥതയോടെ,

K.സുന്ദരൻ

IT cell

ശ്രീ